ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബ്രസീലിൽ നടക്കുന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയുടെ രണ്ടാം ദിവസമായ ഇന്ന് പരിസ്ഥിതി പ്രവർത്തനങ്ങളോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും രാജ്യം സ്വീകരിച്ച നടപടികളും പ്രധാനമന്ത്രി നരേന്ദ്ര മോദി വിശദമാക്കും.

   **Prime Minister Narendra Modi to Elucidate India's commitment to environmental protection and the steps taken by the country on the second day of the 17th BRICS Summit in Brazil.**

2. നീതിന്യായ വ്യവസ്ഥയിൽ ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസവും ആദരവും കാത്തു സൂക്ഷിക്കേണ്ടത് അനിവാര്യമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.

   **Vice President Jagdeep Dhankhar ssays that it is essential to maintain the trust and respect people have in the judiciary.**

3. രാജ്യത്ത് ജനസംഖ്യാ കണക്കെടുപ്പിന് മുന്നോടിയായി വ്യക്തിഗത വിവരങ്ങൾ സമർപ്പിക്കുന്നതിന് പ്രത്യേക വെബ് പോർട്ടൽ സജ്ജമാക്കും.

   **A special web portal will be set up in the country to submit personal information ahead of the census.**

4. എല്ലാവർക്കും താങ്ങാനാവുന്ന ചെലവിൽ മികച്ച ആരോഗ്യ സംരക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ അടുക്കുകയാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ.

   **Union Health Minister JP Nadda says that India is moving towards the goal of providing affordable healthcare to all.**

5. രാജ്യത്തിൻറെ ജൈവ സമ്പദ് വ്യവസ്ഥ 2030 ഓടെ 300 ബില്ല്യണിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്

**Union Minister Jitendra Singh says that the country's bio-economy is set to reach 300 billion by 2030.**

## EVE PM-BRICS SUMMIT 1

ബ്രസീലിൽ റിയോ ഡി ജനീറോയിൽ നടക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയുടെ രണ്ടാം ദിവസമായ ഇന്ന് പരിസ്ഥിതി, സിഒപി 30, ആഗോള ആരോഗ്യം എന്നിവയെക്കുറിച്ചുള്ള സമ്മേളനം നടക്കും. പരിസ്ഥിതി പ്രവർത്തനങ്ങളോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും രാജ്യം സ്വീകരിച്ച നടപടികളും പ്രധാനമന്ത്രി നരേന്ദ്ര മോദി വിശദീകരിക്കും. തുടർന്ന് പ്രധാനമന്ത്രി ബ്രസീലിയയിലേക്ക് തിരിക്കും. 57 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയ സന്ദർശനത്തിനായി എത്തുന്നത്.

## EVE PM-BRICS SUMMIT 2

ബ്രസീലിയ സന്ദർശനവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നാല് ധാരണാപത്രങ്ങളിൽ ഒപ്പുവെക്കും. ബ്രസീലിലെ ഇന്ത്യൻ അംബാസഡർ ദിനേശ് ഭാട്ടിയ അറിയിച്ചതാണിക്കാര്യം. തീവ്രവാദത്തിനെതിരെ ഒരുമിച്ചുള്ള പ്രവർത്തനം, ഇതുസംബന്ധിച്ച രഹസ്യ വിവര കൈമാറ്റം, പുനരുപയോഗ ഊർജ്ജം, കാർഷിക ഗവേഷണം എന്നിവയിലെ സഹകരണം സംബന്ധിച്ചാണ് ഇരു രാജ്യങ്ങളും ധാരണയിലെത്തുന്നത്.

## VICE PRESIDENT (INTRO)

രാജ്യത്തെ നീതിന്യായ വ്യവസ്ഥയിൽ ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസവും ആദരവും കാത്തു സൂക്ഷിക്കേണ്ടത് അനിവാര്യമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർത്ഥികളുമായി

സംവദിക്കുകയായിരുന്നു അദ്ദേഹം. നീതിന്യായ സംവിധാനങ്ങളുടെ സ്വതന്ത്രമായ നിലനിൽപ്പ് കാലത്തിൻ്റെ ആവശ്യമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(വോയിസ് ...)

✡✡✡✡✡✡✡✡✡✡✡✡✡✡

## VICE PREZ- VISIT

രണ്ടുദിവസത്തെ കേരള സന്ദർശനത്തിന് ശേഷം ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഡൽഹിക്ക് മടങ്ങി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ നേതൃത്വത്തിൽ കൊച്ചിയിൽ അദ്ദേഹത്തിന് യാത്രയയപ്പ് നൽകി.

✡✡✡✡✡✡✡✡✡✡✡✡✡✡

## RAJNATH - DEFENCE ECONOMICS

ഓപ്പറേഷൻ സിന്ദൂരിൻ്റെ വിജയം ഇന്ത്യയുടെ തദ്ദേശീയ പ്രതിരോധ ഉൽപ്പന്നങ്ങൾക്കുള്ള ആഗോള ആവശ്യം വർദ്ധിപ്പിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന കൺട്രോളേഴ്സ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദേശ രാജ്യങ്ങളിൽ നിന്ന് മുമ്പ് ഇറക്കുമതി ചെയ്തിരുന്ന മിക്ക പ്രതിരോധ ഉപകരണങ്ങളും ഇപ്പോൾ രാജ്യത്ത് തന്നെ നിർമ്മിക്കുന്നുണ്ടെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## CENSUS WEB PORTAL

രാജ്യത്ത് ജനസംഖ്യാ കണക്കെടുപ്പിന് മുന്നോടിയായി വ്യക്തിഗത വിവരങ്ങൾ സമർപ്പിക്കുന്നതിന് പ്രത്യേക വെബ് പോർട്ടൽ നിലവിൽ വരുന്നു. 2027-ൽ നടക്കുന്ന സെൻസസിൻ്റെ രണ്ട് ഘട്ടങ്ങളിലും ഈ പോർട്ടൽ ലഭ്യമാകും. രാജ്യത്ത് ആദ്യമായി നടക്കുന്ന ഡിജിറ്റൽ സെൻസസ് ആയിരിക്കും ഇതെന്ന് Registrar General and Census Commissioner of India സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു.

ഇംഗ്ലീഷിലും ഹിന്ദിയിലും മറ്റ് പ്രാദേശിക ഭാഷകളിലും ലഭിക്കുന്ന മൊബൈൽ ആപ്പിലൂടെയായിരിക്കും വിവരങ്ങൾ ശേഖരിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## JAIPUR - G. KISHAN REDDY

വികസനം, പൊതുജനക്ഷേമം, പരിസ്ഥിതി സംരക്ഷണം എന്നിവ മുൻനിർത്തി ഖനന മേഖലയിൽ നിരവധി സുപ്രധാന പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ നടപ്പാക്കിയതായി കൽക്കരി, ഖനി മന്ത്രി ജി കിഷൻ റെഡ്ഡി. ജയ്പൂരിൽ 7 സ്റ്റാർ, 5 സ്റ്റാർ പദവി നേടിയ ഖനികളുടെ അനുമോദന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖനികൾക്ക് ചുറ്റും താമസിക്കുന്ന ജനങ്ങളുടെയും ഖനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാരിൻറെ നയങ്ങൾ ഉറപ്പാക്കിയിട്ടുണ്ടെന്ന് ശ്രീ റെഡ്ഡി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## NADDA - HEALTHCARE

എല്ലാവർക്കും താങ്ങാനാവുന്ന ചെലവിൽ മികച്ച ആരോഗ്യ സംരക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്ക് രാജ്യം അടുക്കുകയാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ. ഒരു ദേശീയ ദിനപത്രത്തിലെ ലേഖനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഒരു ലക്ഷത്തി 77,000 ത്തിലധികം ആയുഷ്മാൻ ആരോഗ്യ മന്ദിറുകളും ഇ-സഞ്ജീവനി, ടെലിമാനസ് പ്ലാറ്റ് ഫോമുകളും എല്ലാ വിഭാഗങ്ങൾക്കും ആരോഗ്യ സംരക്ഷണം ലഭ്യമാക്കുകയാണ്. ഇന്ദ്രധനുഷ് ദൗത്യത്തിലൂടെ രാജ്യത്തെ 5.46 കോടി കുട്ടികൾക്കും 1.32 കോടി ഗർഭിണികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകാൻ സാധിച്ചതായും ശ്രീ ജെ പി നഡ്ഡ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡

## NIPAH - KERALAM

കേരളത്തിൽ നിപ വയറസ് ബാധ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ നാഷണൽ വയറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിദഗ്ദ്ധ സംഘം എത്തും. വവ്വാലുകൾ ഉള്ള പ്രദേശങ്ങൾ സന്ദർശിച്ചു അവയിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനാണ് സംഘമെത്തുന്നത്. അതേസമയം, പാലക്കാട് ജില്ലയിൽ നിലവിൽ ഒരാൾ മാത്രമാണ് നിപ സ്ഥിരീകരിച്ച് ചികിത്സയിൽ ഉള്ളതെന്നും, സമ്പർക്ക പട്ടികയിലെ 9 പേരുടെ സാമ്പിൾ പരിശോധനാ ഫലം നെഗറ്റീവാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## JITENDRA-BIOECONOMY

രാജ്യത്തിൻറെ ജൈവ സമ്പദ് വ്യവസ്ഥ 2030 ഓടെ 300 ബില്ല്യണിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ബയോടെക്നോളജി രംഗത്ത് മികച്ച മുന്നേറ്റമാണ് കഴിഞ്ഞ പതിറ്റാണ്ട് രേഖപ്പെടുത്തിയതെന്ന് അദ്ദേഹം പറഞ്ഞു. 50 സ്റ്റാർട്ടപ്പുകളിൽ നിന്ന് ഏകദേശം 11,000 ത്തിൽ എത്തി നിൽക്കുകയാണ്. അടുത്തിടെ അവതരിപ്പിച്ച Bio - E3 നയത്തെ കുറിച്ചും ശ്രീ ജിതേന്ദ്ര സിംഗ് ഊന്നി പറഞ്ഞു. ഭാവിയിലെ വ്യവസായ വിപ്ലവം ബയോ എക്കോണമി അധിഷ്ഠിതമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡

## CHOUHAN - MAIZE PRODUCTION (INTRO)

രാജ്യത്തെ ചോളം കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ബഹുമുഖ പങ്കാളിത്ത സമീപനം ആവശ്യമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ. ഈ ലക്ഷ്യം കൈവരിക്കുന്നതിന് കേന്ദ്ര - സംസ്ഥാന സർക്കാരുകളും ശാസ്ത്രജ്ഞരും കർഷകരും കാർഷിക സർവ്വകലാശാലകളും യോജിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഒരു രാജ്യം, ഒരു കൃഷി, ഒരു ടീം എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ ഫിക്കിയുടെ 11-ാമത് India Maize ഉച്ചകോടിയെ അഭിസംബോധന ചെയ്യവെ പറഞ്ഞു.
(voice)

## DAY BIHAR VAISHNAW

കഴിഞ്ഞ 11 വർഷങ്ങളിൽ 33,000 കിലോമീറ്റർ പുതിയ റെയിൽപാത യാണ് രാജ്യത്ത് നിലവിൽ വന്നതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ബിഹാറിലെ കർപൂരി ഗ്രാം റെയിൽവെ സ്റ്റേഷനിലെ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അതിവേഗ ട്രെയിനുകൾ, സാങ്കേതിക വിദ്യ തുടങ്ങിയവയിലൂടെ റെയിൽവെയിൽ വൻ മാറ്റമാണ് നടക്കുന്നതെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

## SC BIHAR EC

ബിഹാറിൽ വോട്ടർ പട്ടിക പരിഷ്കരിക്കാനുള്ള തിരഞ്ഞെടുപ്പ് കമ്മീഷൻറെ തീരുമാനത്തിനെതിരായ ഹർജികൾ സുപ്രീംകോടതി വ്യാഴാഴ്ച പരിഗണിക്കും. വോട്ടർ പട്ടികയുടെ അവലോകനരീതിയും സമയവും സംബന്ധിച്ച് കമ്മീഷന്റെ നീക്കത്തെ ചോദ്യം ചെയ്യുള്ളതാണ് ഹർജികൾ. അതേസമയം, ബിഹാറിൽ വോട്ടർ പട്ടിക പരിഷ്കരണം വോട്ടർമാരുടെ പൂർണ്ണ സഹകരണത്തോടെ സുഗമമായി നടത്തിവരികയാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

## RADHADEVI

ആകാശവാണിയിലെ ആദ്യകാല കലാകാരിയും പ്രമുഖ ഗായികയും ചലച്ചിത്ര നടിയുമായിരുന്ന C. S. രാധാദേവി അന്തരിച്ചു. 94 വയസ്സായിരുന്നു. സംസ്കാരം ഇന്ന് രാത്രി തിരുവനന്തപുരം പുത്തൻകോട്ട ശ്മശാനത്തിൽ നടക്കും.

## QUARY

പത്തനംതിട്ട കോന്നി പയ്യനാമണ്ണിൽ ക്വാറി പ്രവർത്തിച്ചുകൊണ്ടിരിക്കെ മണ്ണ് മാന്തിയന്ത്രത്തിന് മുകളിലേക്ക് പാറയും മണ്ണും ഇടിഞ്ഞ് വീണ് ഒരാൾ മരിച്ചു. ഒഡീഷ സ്വദേശികളായ രണ്ട് തൊഴിലാളികളാണ് അപകടത്തിൽപ്പെട്ടത്. മരിച്ചയാളുടെ മൃതദേഹം പുറത്തെടുത്തു. കുടുങ്ങി കിടക്കുന്ന മറ്റൊരാൾക്കായി രക്ഷാ പ്രവർത്തനം നടന്നുവരികയാണ്.

## REV. TURKIYE-TROOPS DEATH

ഇറാഖിലെ ഒരു ഗുഹയിൽ തിരച്ചിൽ നടത്തുന്നതിനിടെ മീഥെയ്ൻ വാതകം ശ്വസിച്ചതിനെ തുടർന്ന് പന്ത്രണ്ട് തുർക്കിയെ സൈനികർ കൊല്ലപ്പെട്ടു. 2022 മെയ് മാസത്തിൽ തീവ്രവാദികൾക്കെതിരെ നടന്ന സൈനിക ഓപ്പറേഷനിൽ വെടിവയ്പ്പിൽ കൊല്ലപ്പെട്ട ഒരു സൈനികന്റെ മൃതദേഹം തിരയുകയായിരുന്നു സൈനികർ.

## TYPHOON DANAS-TAIWAN

തായ്‌വാനിലെ പ്രധാന ദ്വീപിൽ ഇന്ന് പുലർച്ചയോടെ വീശിയടിച്ച ഡാനാസ് ചുഴലിക്കാറ്റിൽ രണ്ട് പേർ മരിച്ചു. 500 ലധികം പേർക്ക് പരിക്കേറ്റു. നിരവധി കെട്ടിടങ്ങൾ ഭാഗികമായി തകർന്നു. ഗതാഗതത്തെയും ബാധിച്ചു. തായ്‌വാനിലെ 144 വിമാനങ്ങൾ ഇന്ന് റദ്ദാക്കി

## WEATHER

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മുതൽ ഈമാസം 11 വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മധ്യപ്രദേശിലെ ശക്തമായ

മഴ ജനജീവിതത്തെ ബാധിച്ചു. ജബൽപുർ, മാണ്ഡിയ ഉൾപ്പെടെയുള്ള ജില്ലകളിലാണ് മഴക്കെടുതികൾ രൂക്ഷം.

✪✪✪✪✪✪✪✪✪✪✪✪

## REV. DAY- AMARNATH YATRA

അമർനാഥ് യാത്രയുടെ 5-ാാം ദിവസമായ ഇന്ന് തീർത്ഥാടനം സുഗമമായി പുരോഗമിക്കുന്നു. കശ്മീരിലെ അനന്ത്നാഗ്, ഗന്ദേർബാൽ ജില്ലകളിലെ രണ്ട് റൂട്ടുകളിൽ കൂടിയാണ് തീർത്ഥാടകർ യാത്ര തുടരുന്നത്. ഇന്നലെ വരെ 70,000 തീർത്ഥാടകരാണ് 12,756 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിൽ ദർശനം നടത്തിയത്.

✪✪✪✪✪✪✪✪✪✪✪✪

## SENSEX

രാജ്യത്തെ ഓഹരി വിപണികൾ നേരിയ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 10 പോയിൻറ് ഉയർന്ന് 83,442 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 0.30 പോയിൻറ് ഉയർന്ന് 25,461 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു. പവന് 400 രൂപ കുറഞ്ഞ് 72,080 രൂപയും ഗ്രാമിന് 9,010 രൂപയുമാണ് ഇന്നത്തെ വില.

✪✪✪✪✪✪✪✪✪✪✪✪✪✪

✪✪✪✪✪✪✪✪✪

✪✪✪✪✪